# കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ


സർവ്വകലാശാല നടത്തി വരുന്ന BVSc&AH കോഴ്സിലേക്ക് വർഷാവർഷം നടത്തിവരുന്ന NEET(UG) പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ 85% സീറ്റുകളിലേക്ക് കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ് (CEE), കേരള KEAM പ്രവേശന പ്രക്രിയ വഴിയും 15% അഖിലേന്ത്യാ ക്വാട്ട സീറ്റുകളിലേക്ക് വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യ നടത്തുന്ന പ്രവേശന പ്രക്രിയ വഴിയുമാണ് പ്രവേശനം നടത്തുന്നത്. ഈ കോഴ്സിലേക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ NEET(UG) പ്രവേശന പരീക്ഷയ്ക്കും KEAM/ VCI എന്നിവയുടെ വെബ്സൈറ്റ് വഴിയും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതുണ്ട്.

B.Tech (Dairy Technology) & B.Tech (Food Technology) എന്നീ കോഴ്സുകളിലേക്ക് കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ് (CEE), കേരള വർഷാവർഷം നടത്തുന്ന KEAM പ്രവേശന പ്രക്രിയയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നേടാവുന്നത്. CDST, മണ്ണുത്തിയിൽ നടത്തി വരുന്ന B.Tech (Dairy Technology) കോഴ്സിന് സംവരണം ചെയ്തിട്ടുള്ള 15% അഖിലേന്ത്യാ ക്വാട്ട സീറ്റുകളിൽ പ്രവേശനം നേടുന്നതിനായി താൽപര്യമുള്ള അപേക്ഷകർ ICAR വർഷാവർഷം നടത്തിവരുന്ന AIEEA(UG) പ്രവേശന പ്രക്രിയയിൽ പങ്കെടുക്കേണ്ടതാണ്.


സർവകലാശാലയിലെ മറ്റു കോഴ്സുകളിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ, പ്രോസ്പെക്ടസിലെ അടിസ്ഥാന യോഗ്യത നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം സർവകലാശാല വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കുക. അപേക്ഷകർ വെബ്സൈറ്റ് വഴി അപേക്ഷ പൂരിപ്പിക്കുന്നതിന് മുൻപ് അതാത് കോഴ്സുകളുടെ പ്രോസ്പെക്ടസ് വിശദമായി വായിച്ചിരിക്കേണ്ടതാണ്.

## BVSc&AH, B.Tech കോഴ്സുകൾ ഒഴികെയുള്ള വിവിധ കോഴ്സുകളിലേക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന വിധം

അപേക്ഷ സമർപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ ആദ്യം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അതിനായി സർവകലാശാലയുടെ ഓൺലൈൻ അപേക്ഷ പോർട്ടലിലെ (https://application.kvasu.ac.in/) login, register എന്നീ ബട്ടണുകളിൽ register എന്ന ബട്ടണിൽ അമർത്തി രജിസ്ട്രേഷൻ പേജിൽ കയറി വിദ്യാർത്ഥിയുടെ പേരും, ഡേറ്റ് ഓഫ് ബർത്തും, ഇമെയിൽ ID യും മൊബൈൽ നമ്പറും ഏതു കോഴ്സിലേക്ക് ആണ് അപേക്ഷിക്കേണ്ടത് എന്നതും സെലക്ട് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കാം. BSc പൗൾട്രി പ്രൊഡക്ഷൻ & ബിസിനസ് മാനേജ്മെൻറ് കോഴ്സിലേക്ക് അപേക്ഷിക്കുന്നവർ ടി. കോഴ്സ് തെരഞ്ഞെടുക്കുമ്പോൾ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷിക്കുന്നുണ്ടോ എന്ന ചോദ്യം വരികയും, ഡിപ്ലോമ കോഴ്സിലേക്ക് കൂടി അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ അപേക്ഷിക്കുന്നു എന്ന് മറുപടി നൽകിയാൽ ഏത് പ്രോഗ്രാമിൽ പ്രവേശനം നേടുന്നതിനാണ് മുൻഗണന നൽകുന്നത് എന്ന ചോദ്യം പ്രത്യക്ഷപ്പെടും. ബി.എസ്.സി ക്കും ഡിപ്ലോമക്കും ഉയർന്ന റാങ്ക് ലഭിച്ചാൽ ഏത് കോഴ്സിന് പരിഗണിക്കണം എന്നത് ഇതിൽ നിന്നും തിരഞ്ഞെടുക്കണം. മുൻഗണന സെലക്ട് ചെയ്തതിനു ശേഷം അവർക്കും രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.





രജിസ്ട്രേഷൻ നടപടി പൂർത്തിയാകുമ്പോൾ വിദ്യാർത്ഥിക്ക് ഒരു അപേക്ഷ നമ്പർ (Application Number) ലഭിക്കുന്നതാണ്. ഈ അപേക്ഷ നമ്പർ ഭാവിയിൽ പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ നടപടികൾക്കും ആവശ്യമായതിനാൽ സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.




രജിസ്റ്റർ ചെയ്യതിനു ശേഷം വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ് ബാങ്ക് കളക്ട് പോർട്ടൽ (ലിങ്ക് ചുവടെ നൽകിയിട്ടുണ്ട്) മുഖേന ഫീസ് അടയ്ക്കാവുന്നതാണ്. കേരളത്തിലെ എസ് സി/ എസ് ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 500 രൂപയും മറ്റ് വിദ്യാർഥികൾക്ക് ആയിരം രൂപയുമാണ് അപേക്ഷാ ഫീസ്. ചുവടെ നൽകിയരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്തോ SBI Collect പോർട്ടലിലെ സർവ്വകലാശാല ഡയറക്ടറുടെ അക്കൗണ്ട് തെരഞ്ഞെടുത്തോ ഫീസ് അടക്കാവുന്നതാണ്.

State of Institution: Kerala

Educational Institution Name "KVASU- Director of Academics and Research"
[Direct link: https://www.onlinesbi.sbi/sbicollect/icollecthome.htm?corpID=2777356].
Category: Application Fee.



Select from Educational Institutions

Educational Institutions Name *

KVASU - Director of Academics and Resea ▴

**Submit** **Back**

- Mandatory fields are marked with an asterisk (*)

## KVASU - Director of Academics and Research

KERALA VETERINARY AND ANIMAL SCIENCES KVASU, POOKODE VYTHIRI P O, WAYANAD , pookode , Wayanad-673576

Provide details of payment

Select Payment Category *

-- Select Category --

- Mandatory fields are marked with an asterisk (*)
- The payment structure document if available will contain detailed instructions about the online payment process.
- Date specified(if any) should be in the format of 'ddmmyyyy'. Eg., 02082008


## KVASU - Director of Academics and Research


KERALA VETERINARY AND ANIMAL SCIENCES KVASU, POOKODE VYTHIRI P O, WAYANAD , pookode , Wayanad-673576

Provide details of payment


| | |
|---|---|
| **Select Payment Category *** | Application Fee |
| **Name of the Programme *** | --Select Name of the Programme |
| **Name of the Student *** | |
| **Application Number *** | |
| **Date of Birth *** | |
| **Date of application *** | |
| **Category *** | --Select Category-- |
| **Application Fee *** | --Select Application Fee-- |

ഇതിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകി ഫീസ് അടക്കുമ്പോൾ ലഭിക്കുന്ന e-receipt സൂക്ഷിച്ചു വക്കേണ്ടതാണ്.

ഫീസ് അടച്ചതിനുശേഷം വിദ്യാർത്ഥികൾക്ക് തിരികെ പോർട്ടലിൽ പോയി ആപ്ലിക്കേഷൻ നമ്പറും ഡേറ്റ് ഓഫ് ബർത്തും ഉപയോഗിച്ച് ലോഗിൻ ചെയ്യുമ്പോൾ വ്യക്തിഗത വിവരങ്ങൾ നൽകുന്ന പേജ് ആണ് ആദ്യം ദൃശ്യമാവുക.




| | |
|---|---|
| Name of Candidate:* | (As recorded in the School Leaving Certific |
| Gender: * | Male Female |
| Date of Birth: * | 1 January 2005 |
| Aadhaar Card No : | |
| Place of Birth : * | |
| Village : | |
| Taluk : | |
| District : * | |
| State : * | Kerala |
| Nationality : * | India |
| Mother tongue : | |
| Religion with sub sect : | |
| Caste : | |
| Category : * | -Select Category- |
| Physically disabled : | Yes No |
| Name of Father/ Guardian : * | |
| Name of Mother : | |

**Permanent Address :**

| | |
|---|---|
| House No/House Name : * | |
| Land Mark : | |
| Post office : * | |
| Town/City : * | |
| Pin : * | |
| Address for communication : | Same as permanent address |

ഈ പേജിൽ അവസാനമായി വിദ്യാർഥികൾക്ക് ഫീസടച്ച വിവരങ്ങൾ കൂടി രേഖപ്പെടുത്തേണ്ടതുണ്ട്. വിദ്യാർത്ഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഒപ്പും എസ് ബി ഐ കളക്ടിൽ നിന്നുള്ള ഫീസ് receipt ഉം ഈ പേജിൽ upload ചെയ്യേണ്ടതാണ്.



Payment Details | SBI Collect

SBI Collect Details *


SB Collect reference number | Date of remittance

SBI Collect Receipt : * | Choose file No file chosen
File Type : JPG,PDF, Maximum Size : 600 Kb

Upload Photo : * | Choose file No file chosen
Your photograph in digital form with following
200H px, Image Type : JPG

Upload Signature : * | Choose file No file chosen
Scanned image of your signature put on a goc
Image Dimension : 250W x 90H px, Image Typ

വ്യക്തിഗത വിവരങ്ങൾ submit ചെയ്തു കഴിയുമ്പോൾ അപേക്ഷാഫോറം print എടുക്കുന്ന പേജ് ലഭ്യമാകുന്നതാണ്. അപേക്ഷാഫോറം print എടുക്കുന്നതിന് വിദ്യാഭ്യാസത്തിന്റെ വിവരങ്ങൾ കൂടി പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടത് ആവശ്യമാണ്. അതിനായി മുകളിലെ എഡ്യൂക്കേഷൻ ടാബ് സെലക്ട് ചെയ്യുക. ശേഷം വിദ്യാർത്ഥിക്ക്, അപേക്ഷിക്കുന്ന കോഴ്സിനുള്ള യോഗ്യതാ പരീക്ഷയിലെ വിവരങ്ങൾ ആദ്യം ചേർക്കുക അതിനുശേഷം എസ്എസ്എൽസി യുടെയും മറ്റു പരീക്ഷകളുടെയും വിവരങ്ങൾ add more കൊടുത്ത് രേഖപ്പെടുത്താവുന്നതാണ്.




Educational qualifications

Educational qualifications [The details of the Basic Qualification should be given first] *


| Name of Degree/ Course | Board/University | Year of passing | Percentage of Mark | Delete |
| --- | --- | --- | --- | --- |
| BSc Zoology | | | | × |
| Plus two | | | | × |
| SSLC | | | | × |

Add More

ഡിപ്ലോമ, MVSc, M.Tech, PhD പ്രോഗ്രാമുകൾക്ക് അപേക്ഷിച്ചവർക്ക് ഏത് കോഴ്സ്, കോളേജ് ആണ് താൽപര്യം എന്ന ഓപ്ഷൻ നൽകുന്നതിനായി Preference list ടാബ് സെലക്ട് ചെയ്ത് അതിൽ ഓപ്ഷൻ രേഖപ്പെടുത്താവുന്നതാണ്.




Upload certificates ടാബിൽ വിദ്യാർത്ഥികൾ അവരുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റ്, എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. BSc, Diploma കോഴ്സുകൾക്ക് പ്ലസ് ടു വും PG കോഴ്സുകൾക്ക് ബിരുദവും ആണ് യോഗ്യത. പ്രോസ്പെക്ടസിൽ നിർദേശിച്ചിട്ടുള്ള ഏതെങ്കിലും സംവരണത്തിന് അർഹതയുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും ഇവിടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.




മറ്റ് ടാബുകളിൽ വിവരങ്ങൾ ചേർക്കാൻ ഉള്ളവർ അതാത് വിവരങ്ങൾ ചേർക്കേണ്ടതാണ്. ആയതിനു ശേഷം മാത്രം ആപ്ലിക്കേഷൻ ഫോറത്തിന്റെ പ്രിൻറ് എടുക്കുക.

Hall ticket ഉം admit card ഉം പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള അതാത് സമയങ്ങളിൽ മാത്രമാകും വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത്.